श्रीशङ्करचार्यसंस्कृतसर्वकलाशाला, कालटी

# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

നം.എസിഡി.സി2/8998 (S) /എസ്.എസ്.യു.എസ്./2022 തീയതി, 13.09.2022

## പരിപത്രം

വിഷയം :- 2022-23 അദ്ധ്യയന വർഷത്തെ ബിരുദ കോഴ്സുകൾ - സേ വിദ്യാർത്ഥികൾക്കുള്ള പ്രവേശനം - സംബന്ധിച്ച്.

സൂചന :- 01.07.2022 ലെ ഇതേ നമ്പർ വിജ്ഞാപനം

2022-23 അദ്ധ്യയന വർഷത്തിലെ വിവിധ ബിരുദ പ്രോഗ്രാമുകളിലേക്ക് ബി.എ. സംസ്കൃതം (സാഹിത്യം, വേദാന്തം, ന്യായം, വ്യാകരണം, ജനറൽ), സംഗീതം, നൃത്തം, ബി.എഫ്.എ. (ചിത്രകല, ചുമർ ചിത്രകല, ശില്പകല) തുടങ്ങിയ വിഷയങ്ങളിൽ സേ പരീക്ഷ വിജയിച്ച വിദ്യാർത്ഥികൾക്ക് പ്രവേശനത്തിനുള്ള സമയക്രമപട്ടിക താഴെ പറയും പ്രകാരം ക്രമീകരിച്ച് ഉത്തരവായിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | തീയതി |
|---|---|---|
| 1 | വിജ്ഞാപന തീയതി | 13.09.2022 |
| 2 | ഓൺലൈൻ രജിസ്ട്രേഷൻ വഴി അപേക്ഷിക്കാനുള്ള അവസാന തീയതി | 20.09.2022 |
| 3 | മാർക്ക് ലിസ്റ്റ് അടക്കമുള്ള നിർദ്ദിഷ്ടരേഖകളുടെ പകർപ്പും, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും സഹിതം, പ്രാദേശിക കേന്ദ്രങ്ങളിൽ അതത് ഡയറക്ടർമാർക്കും, കാലടി മുഖ്യകേന്ദ്രത്തിൽ അതത് വകുപ്പദ്ധ്യക്ഷന്മാർക്കും സമർപ്പിക്കേണ്ട അവസാന തീയതി | 22.09.2022 |
| 4 | ബി.എ. സംഗീതം, നൃത്തം, ചിത്രകല വിഭാഗങ്ങളിലേക്ക് പ്രവേശനം നേടുന്നതിനുവേണ്ടി നടത്തുന്ന അഭിരുചി പരീക്ഷ | 23.09.2022 |
| 5 | ഇൻഡക്സ് മാർക്ക് അപ്‌ലോഡ് ചെയ്യുന്നതിനായി | 23.09.2022 |
| 6 | റാങ്ക് ലിസ്റ്റ് പുറപ്പെടുവിക്കുന്ന തീയതി | 24.09.2022 |
| 7 | സംസ്കൃതം (സാഹിത്യം, വേദാന്തം, ന്യായം, വ്യാകരണം, ജനറൽ) സംഗീതം, നൃത്തം, ചിത്രകല വിഭാഗത്തിലേക്ക് പ്രവേശനത്തിനുവേണ്ടിയുള്ള അഭിമുഖവും ക്ലാസ്സുകൾ ആരംഭിക്കുന്ന തീയതിയും | 26.09.2022 |

മേൽ പട്ടികയനുസരിച്ച് ബന്ധപ്പെട്ട വകുപ്പുകളും പ്രാദേശിക കേന്ദ്രം ഡയറക്ടർമാരും ബിരുദ പ്രവേശനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവേശന നടപടിക്രമങ്ങൾ നിലവിലെ റെഗുലേഷൻ അനുസരിച്ചും സംവരണ ചട്ടങ്ങൾ പാലിച്ചും നടത്തേണ്ടതാണ്. കാലടി മുഖ്യകേന്ദ്രത്തിൽ അതത് വകുപ്പ് അദ്ധ്യക്ഷൻമാരും, പ്രാദേശിക കേന്ദ്രങ്ങളിൽ ഡയറക്ടർമാരും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബിരുദ പ്രോഗ്രാമുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ രജിസ്ട്രേഷൻ വഴി 20.09.2022 തീയതിക്കു മുമ്പായി അപേക്ഷിക്കേണ്ടതും മാർക്ക് ലിസ്റ്റ് അടക്കമുള്ള നിർദ്ദിഷ്ട രേഖകളുടെ പകർപ്പും, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും സഹിതം, പ്രാദേശിക കേന്ദ്രങ്ങളിൽ അതത് ഡയറക്ടർമാർക്കും, കാലടി മുഖ്യ കേന്ദ്രത്തിൽ അതത് വകുപ്പ് മേധാവികൾക്കും 22.09.2022 തീയതിക്കു മുമ്പായി സമർപ്പിക്കേണ്ടതാണ്. പ്രവേശനം സംബന്ധിച്ച വിശദവിവരങ്ങൾ പ്രോസ്പെക്ടസിൽ ലഭ്യമാണ് ബിരുദ പ്രോഗ്രാമിലേക്കുള്ള വിശദവിവരങ്ങൾ www.ssus.ac.in ലും ലഭ്യമാണ് പ്രോഗ്രാമിന്റെ ഉള്ളടക്കത്തിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം സർവ്വകലാശാലയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-
ഡോ.ഗോപാലകൃഷ്ണൻ എം ബി
രജിസ്ട്രാർ

സ്വീകർത്താവ്:

1. വകുപ്പദ്ധ്യക്ഷന്മാർ/പ്രാദേശിക കേന്ദ്രം ഡയറക്ടർമാർ
2. സിസ്റ്റം അനലിസ്റ്റ് - വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്
3. പി.ആർ.ഒ

പകർപ്പ്

1) വി.സി./പി.വി.സി/രജിസ്ട്രാർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2) ഫിനാൻസ് ഓഫീസർ/ഡി ആർ/എ.ആർ (അക്കാദമിക് )
3) ഡി.എസ്.എസ്./ഡിപ്പാർട്ടുമെന്റൽ സിസ്റ്റം
4) കരുതൽ ഫയൽ/നടപ്പ് ഫയൽ

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ